# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 250 — 07/11/2019-ൽ മറുപടിയ്ക്ക്

## പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗരേഖ

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.അബ്ദുൽ ഹമീദ്.പി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയുടെ നവീകരണത്തിനായി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും മാതൃകകൾ പരിഗണിയ്ക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക പ്രവർത്തനങ്ങളുടെ നവീകരണത്തിനായി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്.<br>1. പ്രീസ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കി<br>2. പ്രീസ്കൂൾ അധ്യാപകസഹായി - 'കളിപ്പാട്ടം' എന്ന പേരിൽ തയ്യാറാക്കി<br>3. പ്രീസ്കൂൾ കുട്ടികൾക്കായി (3+, 4+ പ്രായക്കാർക്ക്) പ്രവർത്തന പുസ്തകവും 'കളിത്തോണി - ഭാഗം I, II' എന്നിവയും അധ്യാപക വിനിമയ സഹായിയും തയ്യാറാക്കി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. ഒന്നാംഭാഗം അച്ചടിച്ച് വിതരണം ചെയ്തു. രണ്ടാം ഭാഗം അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സ്റ്റേറ്റ് പ്രോജക്ട് ആഫീസർ എസ്.എസ്.കെ യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>4. മേൽ പറഞ്ഞ പഠനസാമഗ്രികളുടെ അടിസ്ഥാനത്തിൽ പ്രീസ്കൂൾ അധ്യാപകർക്ക് പരിശീലനം 'പ്രശിക്ഷാ' എന്ന പേരിൽ ഗവേഷണാടിസ്ഥാനത്തിൽ ചെയ്തു. തുടർന്ന് ഈ വർഷം വ്യാപിപ്പിക്കുന്നതിനായി |

പ്രീ-സ്കൂൾ സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്ക് (പി.എസ്.എസ്.ആർ.ജി) നാല്പ ദിവസത്തെ പരിശീലനം നൽകി

5. കുട്ടികളുടെ സമഗ്രവികാസത്തിനായുള്ള അക്കാദമിക പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള പ്രവർത്തന മൂലകൾ (ആക്ടിവിറ്റി ഏരിയ) സജ്ജമാക്കുന്നതിനായി 414 പ്രീസ്കൂളുകളും അവയുടെ ചുറ്റുമുള്ള 3 വീതം അങ്കണവാടികളെയും ഉൾപ്പെടുത്തിയ ക്ലസ്റ്ററധിഷ്ഠിത പ്രീസ്കൂളിംഗ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.

6. എസ്.എസ്.കെ പദ്ധതി പ്രകാരം കേരള സർക്കാർ അംഗീകരിച്ച പ്രീ-സ്കൂളുകളുടെ അക്കാദമിക നവീകരണത്തിനായി പ്രത്യേക നിർവ്വഹണ പദ്ധതി 2019-20 വർഷം നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ആക്ടിവിറ്റി കോർണറുകൾ സജ്ജമാക്കുന്നതിന് പ്രീസ്കൂൾ കേന്ദ്രങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ ധനസഹായം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ അംഗീകൃത 2150 പ്രീസ്കൂളുകൾക്ക് ആക്ടിവിറ്റി കോർണറുകൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രീസ്കൂൾ മാതൃകകൾ പരിചയപ്പെടുന്നതിന് മറ്റ് പ്രീസ്കൂളുകളുമായി ട്വിന്നിംഗ് പരിപാടി നടപ്പാക്കിയിട്ടുണ്ട്. മാതൃ ഭാഷയിൽ പ്രീസ്കൂൾ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ള പാലക്കാട് ജില്ലയിലെ പല്ലാവൂർ ഗവ. എൽ.പി.സ്കൂളിന്റെ പ്രവർത്തനങ്ങൾ പഠിക്കുന്നതിന് എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത ഒരു പ്രീസ്കൂൾ കേന്ദ്രത്തിലെ

അദ്ധ്യാപിക, രക്ഷാകർത്തൃ പ്രതിനിധി എന്നിവർക്ക് അവസരം നൽകിയിട്ടുണ്ട്. ഇതേ മാതൃകയിൽ ജില്ലകളിൽ ട്രിന്നിംഗ് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് നിലവിൽ ഏതെല്ലാം മാർഗ്ഗരേഖകളാണ് അടിസ്ഥാനമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ നിലവിലെ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി തയ്യാറാക്കി സർക്കാർ അംഗീകരിച്ച ഏകീകൃത പ്രീസ്കൂൾ പാഠ്യപദ്ധതിയാണ് അടിസ്ഥാനമാക്കിയിട്ടുള്ളത് |
| (സി) വ്യക്തമായ മാർഗ്ഗരേഖകളുടെ അഭാവം നിലവിലുണ്ടെങ്കിൽ ആവശ്യമായ പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) മാർഗ്ഗരേഖകളുടെ അഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Reena

സെക്ഷൻ ഓഫീസർ